Talented Bankers Literary Panel
പുസ്തക പരിചയം 264

ബാർമാൻ
പ്രതാപൻ

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ഒരു ബാർ ജീവനക്കാരന്റെ കഥയാണ് ബാർമാൻ. ജഗദീഷ് ചന്ദ്രൻ എന്ന ഒരു ജീവനക്കാരന്റെ കാഴ്ചപ്പാടിലൂടെ മുന്നേറുന്ന ബാർമാനിൽ വർഗീസണ്ണൻ, ബഷീർ, ടോമി, രഘു, സിബി, അജയൻ മാനേജർ, പ്രമീള, മുരളിക്കുറുപ്പ്, ഹർഷൻ, ഗിരീശൻ, രവിയണ്ണൻ, സുകുമാരൻ തുടങ്ങിയ ജീവനക്കാരുടേയും, ജെ എസ്, മൂർത്തി സാറ്, ശകുന്തള, തർക്കോവ്സികി, രമേഷ് തുടങ്ങിയ സ്ഥിരം ഇടപാടുകാരുടേയും കഥകളാണ് പറഞ്ഞുപോവുന്നത്.

നീണ്ട പന്ത്രണ്ടു വർഷ കാലയളവിൽ തിരുവനന്തപുരത്തെ ഗന്ധർവ ബാറിലെ ജീവനക്കാരനായിരുന്നു ജഗദീഷ് ചന്ദ്രൻ. അയാൾ ജോലിയിൽ കയറിയ ആദ്യദിവസം മുതലാണ് കഥ തുടങ്ങുന്നത്.

തുടർന്ന്, ഓരോ കഥാപാത്രങ്ങളെയായി വായനക്കാർ പരിചയപ്പെടാൻ തുടങ്ങുന്നു. ഒരു കഥയുടെ ആദിമധ്യാന്തം എന്ന നിലയിലല്ല ബാർമാൻ പറഞ്ഞുപോയിട്ടുള്ളത്. ഓരോ അധ്യായത്തേയും ഒരു ഉപകഥയായി കാണാൻ സാധിച്ചേക്കും.

ബാറുകളിലെ ജീവനക്കാർക്ക് ഇടപാടുകാർ ‘ബോധമില്ലാത്ത അവസ്ഥയിൽ’ പാരിതോഷികങ്ങൾ വാരിക്കോരിക്കൊടുക്കുന്നതും അതേ ഇടപാടുകാർ ‘ബോധമുള്ള അവസ്ഥയിൽ’ അസ്പർശ്യരായി പരിഗണിക്കുന്നതും ഹൃദയസ്പൃക്കായിട്ടാണ് വിവരിച്ചിരിക്കുന്നത്.

മദ്യലഹരിയിൽ ഉടലെടുക്കുന്ന വിരോധങ്ങൾ സംഘട്ടനങ്ങളിലേക്കും കൊലപാതകത്തിലേക്കും വരെ എത്തുന്ന ഘട്ടങ്ങളും നോവലിലുണ്ട്. മദ്യാസക്തി നിറഞ്ഞവരെപ്പറ്റിയും പറയുന്നുണ്ട്.

‘ഇത് ശാപം കിട്ടുന്ന തൊഴിലാണനിയാ... കുടിക്കാൻ വരുന്നവന്, ഭാര്യയുടെ കെട്ടുതാലി പിടിച്ചുപറിച്ച് വിറ്റിട്ടായിരിക്കും വരുന്നത്. എന്നിട്ടും, അവൻ ഔദാര്യമായി തരുന്ന ടിപ്പ് കൈനീട്ടി വാങ്ങുന്നനവന് അവന്റെ കുടുംബത്തിന്റെ ശാപം കിട്ടുമനിയാ...’ ഒരു കഥാപാത്രം

ജഗദീഷ് ചന്ദ്രനോടു പറയുന്നതാണിത്.

ഒരു രസകരമായ ഭാഗം കൂടി പങ്കുവെക്കട്ടെ.'ഓരോ പുതുവത്സരത്തിലെയും ആദ്യ ആഴ്ചയിൽ ചില പതിവുമുഖങ്ങളെ ബാറിൽ കാണില്ല. മദ്യപിക്കുകയില്ല എന്നൊരു തീരുമാനമെടുത്തവരായിരിക്കണം അവരൊക്കെയും. എന്നാൽ രണ്ടാമത്തെ ആഴ്ചയാകുമ്പോഴേക്കും പ്രതിജ്ഞകൾ ലംഘിക്കാനുള്ളതാണെന്ന തിരിച്ചറിവിൽ അവരൊക്കെ പടികയറി വരും'.

കേരളത്തിലെ ബാർ നിരോധനവും തുടർന്ന് ബാർ ജീവനക്കാരുടെ ജീവതം ആകെ അലങ്കോലമാവുന്നതുമെല്ലാം ബാർമാൻ വിവരിക്കുന്നുണ്ട്.

പൊതുവെ സമൂഹം കരുതുന്നതു പോലെ, ഗുണ്ടകളും നിർഭയരും മദ്യപരുമൊന്നുമല്ല മറിച്ച്, നിസഹായരായ ഒരു കൂട്ടം ആളുകളാണ് ബാർ ജീവനക്കാർ എന്ന് ഓരോ അധ്യായവും കടന്നുപോവുമ്പോൾ വ്യക്തമാവും.

ബാർമാൻ എഴുതിയ ശ്രീ പ്രതാപൻ ഒരു ബാർ ജീവനക്കാരനായിരുന്നു. നിലവിൽ തിരുവനന്തപുരത്തെ ഒരു പ്രമുഖ ഹോട്ടൽ ഗ്രൂപ്പിൽ മാനേജരായി ജോലിനോക്കുന്നു. ആനുകാലികങ്ങളിൽ കഥകൾ എഴുതാറുണ്ട്.

പ്രസാധകർ: ഡി സി ബുക്ക്സ്
വില: 280 രൂപ.